# പടവുകൾ

കെ.എൽ.ഡി.ബി. ത്രൈമാസ വാർത്താപത്രിക

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്

(ഒരു കേരള സർക്കാർ സ്ഥാപനം) AN ISO 9001 : 2008 CERTIFIED COMPANY

ഗോകുലം, പട്ടം പി.ഒ., തിരുവനന്തപുരം - 695 004 | ഫോൺ: 0471- 2440920, ഫാക്സ്: 0471- 2440673 | www.livestock.kerala.gov.in

വാല്യം - 2, ലക്കം - 3
മാർച്ച് 2018


മുഖപ്രസംഗം

## പിറവിയിൽ പശുക്കുട്ടികൾ

**- കർഷകരുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നു.**



ഭാവിയെക്കുറിച്ച് സ്വപ്നങ്ങൾ കാണാൻ നമ്മെ ആഹ്വാനം ചെയ്തതും ദരിദ്രരായ ഗ്രാമീണ ക്ഷീര കർഷകരെ ഒരു സംഘടിത ശക്തിയാക്കി ലോകത്തിനു മുന്നിൽ അവതരിപ്പിച്ചതും രണ്ട് മഹനീയ വ്യക്തിത്വങ്ങളായിരുന്നു. ഇന്ത്യയുടെ മിസൈൽമാൻ - ഡോ. എ.പി.ജെ അബ്ദുൽ കലാമും, ഇന്ത്യയുടെ പാൽക്കാരൻ എന്നറിയപ്പെടുന്ന ഡോ. വർഗ്ഗീസ് കുര്യനുമായിരുന്നു അവർ. ഡോ. അബ്ദുൽകലാം യുവാക്കളെ സ്വപ്നം കാണാൻ പ്രേരിപ്പിച്ചപ്പോൾ, ഡോ. വർഗ്ഗീസ് കുര്യൻ പാവപ്പെട്ട ക്ഷീര കർഷകരെ കൈപിടിച്ചുയർത്തി അവരെ ജീവിതത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് എത്തിക്കുകയായിരുന്നു.



കെ.എൽ.ഡി. ബോർഡിന്റെ 55 വർഷത്തെ വളർച്ചയുടെ പാതയിൽ അറിവും, അനുഭവസമ്പത്തും സമന്വയിപ്പിച്ച ഒരു കൂട്ടം ജീവനക്കാരുടെ അക്ഷീണ പരിശ്രമം ഒരിക്കലും വിസ്മരിക്കാനാകില്ല. ക്ഷീര കർഷകരുടെ ആവശ്യങ്ങൾ കൃത്യമായി മനസ്സിലാക്കി അനുയോജ്യമായ ഗവേഷണ പദ്ധതികളിലൂടെ വരും തലമുറയ്ക്ക് വേണ്ട ജീവിത സാഹചര്യം ഒരുക്കുകയെന്ന വലിയ ദൗത്യമാണ് കെ.എൽ.ഡി. ബോർഡ് ഏറ്റെടുത്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് തന്നെയാണ് കന്നുകാലികളുടെ എണ്ണത്തിൽ കുറവ് വന്നുവെങ്കിലും പാലുൽപ്പാദനത്തിൽ സ്ഥിരമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുള്ളത്. ക്ഷീരകർഷകരുടെ എക്കാലത്തേയും സ്വപ്നമാണ് വീട്ടിൽ പോറ്റി വളർത്തുന്ന പശുക്കൾക്ക് പിറക്കുന്ന സന്തതി പരമ്പരകൾ പശുക്കുട്ടികൾ തന്നെയാവണമെന്നത്. ഇന്ന് ആ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു.



ഇറക്കുമതിചെയ്ത ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകൾ കേരളത്തിലെ എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രികൾ വഴി കർഷകർക്ക് വിതരണം ചെയ്ത് കൊണ്ടാണ് കർഷകരുടെ ആ ചിരകാല ആവശ്യം കെ.എൽ.ഡി ബോർഡ് നിറവേറ്റിയിരിക്കുന്നത്. ഇപ്രകാരമുള്ള ബീജമാത്രകൾ ഉപയോഗപ്പെടുത്തി ഗർഭം ധരിക്കുന്ന പശുക്കൾക്ക് പിറക്കുന്നത് പശുക്കിടാവായിരിക്കും. ഇതിനോട് ബന്ധപ്പെട്ട വിവിധ ഗവേഷണ പദ്ധതികളും കെ.എൽ.ഡി ബോർഡ് ഇന്ന് നടപ്പാക്കി വരുന്നു. "പിറവിയിൽ പശുക്കുട്ടികൾ" എന്ന കർഷകരുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതോടെ പാലുൽപ്പാദന രംഗത്ത് കൂടുതൽ ചലനാത്മകമായ പുരോഗതി കേരളം കൈവരിക്കുമെന്ന് പ്രത്യാശിക്കാം.

**ഡോ. ജോസ് ജെയിംസ്**
മാനേജിംഗ് ഡയറക്ടർ



## ക്ഷീര മേഖല ആധുനികവൽക്കരണത്തിന്റെ പാതയിലൂടെ - *മന്ത്രി കെ. രാജു*

ക്ഷീരോൽപ്പാദക മേഖലയിൽ കേരളം ഇന്ന് ചലനാത്മകമായ പുരോഗതിയാണ് കൈവരിച്ചിരിക്കുന്നത്. പശുക്കളുടെ പാലുൽപ്പാദനം ഗണ്യമായി കൂടിയതും, ആളോഹരി പാൽ ഉപഭോഗ വർദ്ധനവും ശുഭസൂചനയാണ്. കർഷകരെ സബന്ധിച്ചിടത്തോളം ചെലവ് പരമാവധി കുറച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ ആധുനികവൽക്കരണം കൂടിയേ തീരൂ. ഇതിനുവേണ്ട എല്ലാ സഹായ സഹകരണങ്ങളും ഒരുക്കാൻ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി കെ. രാജു അറിയിച്ചു.

കർഷകരുടെ ചിരകാല ആവശ്യമായ "പിറവിയിൽ പശുക്കുട്ടികൾ" എന്ന പദ്ധതിയുടെ ഭാഗമായി 2017 ഡിസംബർ 15ന് ആലപ്പുഴ ജില്ലയിലെ കായംകുളം മുൻസിപ്പൽ ടൗൺ ഹാളിൽ ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ചടങ്ങിൽ കേരളത്തിന്റെ തനതു നാടൻ ജനുസ്സുകളെ ശാസ്ത്രീയമായി പരിരക്ഷിക്കുന്ന ഏറ്റവും നല്ല കർഷകനായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. റ്റി. കെ. വിനോദ് കുമാർ "സംസ്ഥാന ഗോപാൽ രത്ന പുരസ്കാരം" മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി. അതോടൊപ്പം നാടൻ പശു സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള "സംസ്ഥാന കാമധേനു പുരസ്കാരം" ശ്രീ. എം. ബ്രഹ്മദത്തൻ മന്ത്രിയിൽ നിന്നും ഏറ്റു വാങ്ങി. ചടങ്ങിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജി. വേണുഗോപാൽ അദ്ധ്യക്ഷനായിരുന്നു. ചടങ്ങിൽ നാടൻ പശു സംരക്ഷണത്തിനുള്ള ധനസഹായ വിതരണം കായംകുളം നഗരസഭാ ചെയർമാൻ അഡ്വ. എൻ. ശിവദാസൻ നിർവ്വഹിച്ചു.

# രാഷ്ട്രീയ ഗോകുൽ മിഷൻ– ദേശീയ കാമധേനു, ദേശീയ ഗോപാൽ രത്ന പുരസ്ക്കാരങ്ങൾക്ക് അപേക്ഷ ക്ഷണിക്കുന്നു.

രാജ്യത്തെ തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കുന്ന ക്ഷീരകർഷകർക്ക് പ്രോൽസാഹനം നൽകുക എന്ന ലക്ഷ്യത്തോടു കൂടി കേന്ദ്ര സർക്കാർ "ദേശീയ ഗോപാൽ രത്ന പുരസ്ക്കാരം", "ദേശീയ കാമധേനു പുരസ്ക്കാരം" എന്നിവ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കുന്ന ക്ഷീരകർഷകരെ ദേശീയ ഗോപാൽ രത്ന പുരസ്ക്കാരത്തിനും, തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ പരിപാലിച്ചു പോരുന്ന സൊസൈറ്റികൾ/സ്ഥാപനങ്ങൾ/ഫാമുകൾ/ട്രസ്റ്റുകൾ എന്നിവരെ ദേശീയ കാമധേനു പുരസ്ക്കാരത്തിനും പരിഗണിക്കുന്നതാണ്.

കേന്ദ്രസർക്കാർ (എൻ.ബി.എ.ജി.ആർ) അംഗീകരിച്ച തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പുരസ്ക്കാരങ്ങൾക്ക് അപേക്ഷിക്കുവാൻ താൽപ്പര്യമുള്ള കർഷകർ അഥവാ സ്ഥാപനങ്ങൾ അടുത്തുള്ള മൃഗാശുപത്രിയിൽ നിന്നും സൗജന്യമായി ലഭിക്കുന്ന അപേക്ഷകൾ പൂരിപ്പിച്ച് 15.03.2018 ന് മുമ്പ് മൃഗാശുപത്രിയിൽ നൽകേണ്ടതാണ്.

മൃഗാശുപത്രിയിലെ വെറ്ററിനറി ഓഫീസർ പ്രാരംഭ പരിശോധന നടത്തി, പട്ടിക തയ്യാറാക്കി ജില്ലാ വെറ്ററിനറി ഓഫീസർക്ക് തുടർപരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണ്. കൃത്യമായ പരിശോധനകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക്, ജില്ലാ വെറ്ററിനറി ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷ കെ.എൽ.ഡി ബോർഡ് മാനേജിംഗ് ഡയറക്ടർക്ക് അയക്കേണ്ടതാണ്. മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല നോമിനേഷൻ കമ്മിറ്റി എല്ലാ ജില്ലകളിലേയും അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി സംസ്ഥാനത്ത് നിന്നും പുരസ്ക്കാരങ്ങൾക്ക് പരിഗണിക്കേണ്ടവരുടെ അന്തിമ പട്ടിക തയ്യാറാക്കി കേന്ദ്ര മൃഗസംരക്ഷണ വകുപ്പിന് കൈമാറുന്നതാണ്.

ദേശീയ കാമധേനു പുരസ്ക്കാരവും, ഗോപാൽരത്ന പുരസ്ക്കാരവും മേഖലാടിസ്ഥാനത്തിലാണ് നൽകുന്നത്. ഇതിൽ കേരളം തെക്കൻ മേഖലയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ദേശീയ കാമധേനു, ഗോപാൽ രത്ന പുരസ്ക്കാര വിജയികളിൽ ആദ്യ സ്ഥാനം ലഭിക്കുന്ന വിജയിക്ക് 5 ലക്ഷം രൂപയും രണ്ടാം സ്ഥാനം ലഭിക്കുന്ന വിജയിക്ക് 3 ലക്ഷം രൂപയും മൂന്നാം സ്ഥാനം ലഭിക്കുന്ന വിജയിക്ക് 1 ലക്ഷം രൂപയും ലഭിക്കുന്നതാണ്.

**കൂടാതെ ദേശീയ ഗോപാൽ രത്ന, കാമധേനു പുരസ്ക്കാരത്തിന് അപേക്ഷ സമർപ്പിക്കുന്ന എല്ലാ അപേക്ഷകരേയും സംസ്ഥാനതല അവാർഡിനും പരിഗണിക്കുന്നതാണ്.**

സംസ്ഥാനതല കാമധേനു പുരസ്ക്കാര വിജയിക്ക് 2 ലക്ഷം രൂപയും, സംസ്ഥാനതല ഗോപാൽ രത്ന പുരസ്ക്കാര വിജയിക്ക് 1 ലക്ഷം രൂപയും സമ്മാനമായി ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് **9446226600** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**വെച്ചൂർ പശുക്കളുടെ പ്രത്യേക പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ മികച്ച കർഷകയായ ശ്രീമതി. ബിന്ദു – തന്റെ വീട്ടിൽ പിറന്ന വെച്ചൂർ പശുവിന്റെ കുട്ടിയെ വേദിയിൽ എത്തിച്ച് ബഹുമാനപ്പെട്ട മന്ത്രി അഡ്വ. കെ. രാജുവിന് ഇതിന്റെ പ്രത്യേകതകൾ വിശദീകരിച്ചു കൊടുക്കുന്നു. തുടർന്ന് മികച്ച കർഷകയ്ക്കുള്ള ക്യാഷ് അവാർഡും ശ്രീമതി. ബിന്ദു മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി.**





**ഇറക്കുമതി ചെയ്ത ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകളുടെ വിതരണോദ്ഘാടനവും, വെച്ചൂർ പശുക്കളുടെ പ്രത്യേക പ്രജനന പദ്ധതിയുടെ സമാരംഭവും – ബഹുമാനപ്പെട്ട വനം, മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജു ആലപ്പുഴ ജില്ലയിലെ കായംകുളത്ത് 2017 ഡിസംബർ 15-ാം തീയതി നിർവ്വഹിച്ചു. കെ. എൽ. ഡി ബോർഡ് മാനേജിംഗ് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജി. വേണുഗോപാൽ, വൈസ് ചെയർമാൻ ശ്രീമതി. ആർ. ഗിരിജ, മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. ബാഹുലേയൻ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശ്രീ. എബ്രഹാം ടി. ജോസഫ് തുടങ്ങിയവരാണ് സമീപം.**

# കെ.എൽ.ഡി ബോർഡിന്റെ പ്രവർത്തനം തൃപ്തികരം
## –നിയമസഭാ അഷ്വറൻസ് കമ്മിറ്റി

കെ.എൽ.ഡി ബോർഡിന്റെ പ്രവർത്തനം വിലയിരുത്താനായി – നിയമസഭാ അഷ്വറൻസ് കമ്മിറ്റി 30.10.2017 ൽ പാലക്കാട് ധോണി ഫാം സന്ദർശിക്കുകയുണ്ടായി. നിയമസഭാ അഷ്വറൻസ് കമ്മിറ്റി ചെയർമാൻ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എം.എൽ.എയുടെ നേതൃത്വത്തിൽ എത്തിയ സംഘത്തോടൊപ്പം, എം.എൽ.എമാരായ ശ്രീ. എ. കെ. ശശീന്ദ്രൻ, ശ്രീ. എം. ദാസൻ, ശ്രീ. വി. ആർ. സുനിൽ കുമാർ എന്നിവരും ഉണ്ടായിരുന്നു. ധോണി ഫാമിന്റെ പ്രവർത്തനം വിശദമായി സംഘം വിലയിരുത്തുകയുണ്ടായി. ഫാമിന്റെ ദൈനംദിന പ്രവർത്തനങ്ങളും, ഭാവിയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചും കെ.എൽ.ഡി ബോർഡ് മാനേജിംഗ് ഡയറക്ടർ ഡോ. ജോസ് ജെയിംസ് അഷ്വറൻസ് കമ്മിറ്റി അംഗങ്ങൾക്ക് വിശദീകരിച്ചു കൊടുത്തു. ഫാമിന്റെ പ്രവർത്തനങ്ങൾ വിശദമായി പരിശോധിച്ച സംഘം – പ്രവർത്തന മികവിന്റെ കാര്യത്തിൽ പരിപൂർണ്ണ സംതൃപ്തി രേഖപ്പെടുത്തുകയുണ്ടായി.



ശ്രീ. എ.കെ. ശശീന്ദ്രൻ എം. എൽ. എയ്ക്കും മറ്റ് അംഗങ്ങൾക്കും ധോണി ഫാമിന്റെ പ്രവർത്തനങ്ങൾ മാനേജിംഗ് ഡയറക്ടർ ഡോ. ജോസ് ജെയിംസ് വിവരിച്ചു കൊടുക്കുന്നു.

ബഹു എം. എൽ. എ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും, അംഗങ്ങളും കെ. എൽ. ഡി ബോർഡ് എം. ഡി. ഡോ. ജോസ് ജെയിംസിനോടൊപ്പം ധോണി ഫാമിൽ സന്ദർശനം നടത്തുന്നു.





2017 നവംബർ 10 മുതൽ 13 വരെ – കൊല്ലം ആശ്രാമം മൈതാനിയിൽ നടന്ന ദേശീയ – "കന്നുകാലി പക്ഷി" – പ്രദർശനത്തിന്റെ ഭാഗമായി കെ.എൽ. ഡി. ബോർഡ് ഒരുക്കിയ പവലിയന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജു – നിർവ്വഹിക്കുന്നു. കെ.എൽ.ഡി ബോർഡ് മാനേജിംഗ് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എൻ.എൻ. ശശി എന്നിവർ സമീപം.

കായംകുളത്ത് വെച്ചൂർ പശുക്കളുടെ പ്രത്യേക പ്രജനന പദ്ധതി ഉദ്ഘാടനം നിർവ്വഹിച്ച മന്ത്രി അഡ്വ. കെ. രാജുവും വേദിയിലെ മറ്റു വിശിഷ്ട വ്യക്തികളും വെച്ചൂർ പശുവിന്റെ പാൽ രുചിക്കുന്നു.




ഇറക്കുമതി ചെയ്ത ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം ബഹു. മന്ത്രി അഡ്വ. കെ. രാജുവിൽ നിന്നും ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. സുനിൽകുമാർ ഏറ്റുവാങ്ങുന്നു.



# കെ.എൽ.ഡി ബോർഡ്– കുളത്തൂപ്പുഴ ഫാമിൽ സാറ്റലൈറ്റ് ഡെയറി യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.

സംസ്ഥാനത്തെ പാലുൽപ്പാദന വർദ്ധനവ് മുൻനിർത്തി കെ.എൽ.ഡി ബോർഡ് കുളത്തൂപ്പുഴ ഫാമിന് സമീപമുള്ള ആര്യങ്കാവ്, തെന്മല, ചിതറ, കുളത്തൂപ്പുഴ എന്നീ പഞ്ചായത്തുകളിൽ നിന്നും പശുവും, പശുത്തൊഴുത്തും സ്വന്തമായുള്ള കർഷകരെ തെരഞ്ഞെടുത്ത് - അധികമായി ഒരു പശുവിനെ കൂടി വാങ്ങുന്നതിന് 15,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയായ സാറ്റലൈറ്റ് ഡെയറി യൂണിറ്റ് പദ്ധതിയുടെ ഉദ്ഘാടനം 2017 - ഓഗസ്റ്റ് 29-ാം തീയതി ബഹുമാനപ്പെട്ട സംസ്ഥാന മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പു മന്ത്രി അഡ്വ. കെ രാജു കുളത്തൂപ്പുഴ ഫാമിൽ നിർവ്വഹിച്ചു.

ഇപ്രകാരം കർഷകർ വാങ്ങുന്ന പശുവിന് സംസ്ഥാന സർക്കാരിന്റെ ഗോസുരക്ഷ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി, ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. പദ്ധതിയിൽ പങ്കാളികളാകുന്ന ക്ഷീരകർഷകർക്ക് ശാസ്ത്രീയമായ രീതിയിൽ ശുദ്ധമായ പശുവിൻ പാൽ എങ്ങനെ ഉൽപ്പാദിപ്പിക്കാം എന്ന വിഷയത്തിൽ പരിശീലനവും ഫാമിൽ നിന്നും നൽകുന്നതാണ്. സാറ്റലൈറ്റ് ഡെയറി യൂണിറ്റുകളിൽ പരിപാലിക്കപ്പെടുന്ന പശുക്കൾക്ക് അവയുടെ പാലുൽപ്പാദന, പ്രത്യുൽപ്പാദന വിവരങ്ങൾ രേഖപ്പെടുത്തിയ പശുകാർഡ് അതാത് കർഷകർക്ക് നൽകുകയും ഓരോ പശുവിന്റേയും പാലുൽപ്പാദന, പ്രത്യുൽപ്പാദന വിവരങ്ങൾ കുളത്തൂപ്പുഴ ഫാമിലെ ഡാറ്റാബേസിൽ രേഖപ്പെടുത്തുകയും അതുവഴി കൃത്യസമയത്ത് എസ്.എം.എസ് മുഖേന അതാത് ക്ഷീരകർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളും ഉണ്ടായിരിക്കും.

കുളത്തൂപ്പുഴ ഫാമിൽ പുതുതായി പ്രവർത്തനമാരംഭിക്കുന്ന ക്ഷീരകർഷക സഹായ കേന്ദ്രം - ശാസ്ത്രീയ മാർഗ്ഗനിർദ്ദേശങ്ങൾ കർഷകർക്ക് നൽകുന്നതാണ്. ക്ഷീരകർഷക സഹായ കേന്ദ്രം മുഖേന മിതമായ വിലയിൽ പശുക്കൾക്കാവശ്യമായ മരുന്നുകളും മിനറൽ മിശ്രിതവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട് ഇതിന്റെ ഭാഗമായി ക്ഷീരകർഷകർക്കായി ഒരു വന്ധ്യതാ ക്ലിനിക്കും പ്രവർത്തനം ആരംഭിക്കുന്നതാണ്. സാറ്റലൈറ്റ് ഡെയറി യൂണിറ്റുകൾ പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ ദിനംപ്രതി ഏകദേശം 4000 കിലോഗ്രാം ശുദ്ധമായ പശുവിൻ പാൽ ആധികമായി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. കർഷകർ ആവശ്യപ്പെടുന്നപക്ഷം, ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ പ്രീമിയം നിരക്കിൽ കെ.എൽ.ഡി. ബോർഡിന്റെ നിലവിലെ സംവിധാനം ഉപയോഗപ്പെടുത്തി വിപണനം നടത്തുവാനുള്ള സാധ്യതയും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.



കുളത്തൂപ്പുഴ സാറ്റലൈറ്റ് ഡെയറി യൂണിറ്റിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മന്ത്രി അഡ്വ. കെ. രാജു നിർവ്വഹിക്കുന്നു കെ. എൽ. ഡി ബോർഡ് ചെയർമാൻ ശ്രീ. അനിൽ സേവ്യർ ഐ. എ. എസ്, എം. ഡി. ഡോ. ജോസ് ജെയിംസ് മറ്റു ജനപ്രതിനിധികൾ സമീപം.

# സംസ്ഥാനത്തെ ആദ്യ ഗോപാൽ രത്ന, കാമധേനു അവാർഡുകൾ വിതരണം ചെയ്തു.



ഭാരതത്തിലെ അംഗീകൃത നാടൻ ജനുസ്സുകളിൽപ്പെട്ട ഉരുക്കളെ ശാസ്ത്രീയമായി പരിപാലിക്കുന്ന സംഘടനകൾ, സൊസൈറ്റികൾ, കർഷക കൂട്ടായ്മകൾ എന്നിവർക്ക് നൽകുന്ന കാമധേനു അവാർഡിന് പാലക്കാട് ജില്ലയിലെ മൊഴിക്കുന്നം വെച്ചൂർ ഫാം ഗോശാല ഉടമ ശ്രീ. എം. ബ്രഹ്മദത്തൻ അർഹനായി. രണ്ട് ലക്ഷം രൂപയും, പ്രശംസാപത്രവും, ഉപഹാരവുമാണ് പുരസ്ക്കാര ജേതാവിന് നൽകിയത്.

ഭാരതത്തിലെ അംഗീകൃത നാടൻ ജനുസ്സുകളെ ശാസ്ത്രീയമായി സംരക്ഷിച്ചു പോരുന്ന കർഷകർക്കുള്ള പ്രത്യേക ഗേപാൽ രത്ന അവാർഡിന് - പത്തനംതിട്ട ജില്ലയിലെ തിരുവല്ല- താഴത്തിനാട്ടു വീട്ടിൽ ശ്രീ. റ്റി. കെ. വിനോദ് കുമാർ അർഹനായി. ഒരു ലക്ഷം രൂപയും, പ്രശംസാപത്രവും, ഉപഹാരവും ശ്രീ. വിനോദ് കുമാറിനു ലഭിച്ചു.



# ക്ഷീരകർഷക സഹായ കേന്ദ്രം പ്രവർത്തനമാരംഭിച്ചു.

മൃഗസംരക്ഷണ ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്കും ക്ഷീരോൽപ്പാദനവുമായി ബന്ധപ്പെട്ട പുതുസംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും, വിദ്യാർത്ഥികൾക്കും ആവശ്യമായ അറിവും, സാങ്കേതിക സഹായവും നൽകുന്നതിനും ഇതുമായി ബന്ധപ്പെട്ട വിജ്ഞാന വ്യാപനത്തിനും ഉതകുന്ന രീതിയിൽ കെ.എൽ.ഡി ബോർഡ് കുളത്തൂപ്പുഴ ഫാമിന്റെ കീഴിൽ ക്ഷീരകർഷക സഹായ കേന്ദ്രം പ്രവർത്തനമാരംഭിച്ചു.

പാലുൽപ്പാദന രംഗത്തെ ഏറ്റവും പുതിയ അറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും, ഇതുമായി ബന്ധപ്പെട്ട പൊതു ജനങ്ങളുടെ സംശയങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും, നിലവിൽ കെ.എൽ.ഡി ബോർഡ് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും, സഹായങ്ങളും അതാതു സമയത്ത് അർഹരായവരിൽ എത്തിക്കുക എന്നതാണ് കർഷക സേവന കേന്ദ്രത്തിന്റെ ലക്ഷ്യം. കെ.എൽ.ഡി ബോർഡ് നൽകുന്ന പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ, ഫീസ്ഘടന എന്നീ വിവരങ്ങളും ഇവിടെ നിന്നും പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നു. ക്ഷീര കർഷക സഹായ കേന്ദ്രത്തിന്റെ ഉദ്ഘാടനം 2017 ഓഗസ്റ്റ് 29-ാം തീയതി സംസ്ഥാന മൃഗസംരക്ഷണ - ക്ഷീരവികസന - വനം വകുപ്പു മന്ത്രി അഡ്വ. കെ. രാജു കുളത്തൂപ്പുഴയിൽ നിർവ്വഹിച്ചു. ചടങ്ങിൽ രാഷ്ട്രീയ നേതാക്കൾ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു.



## "ഗിർ" – നാടിന് യോജിച്ച നാടൻ ഇനങ്ങൾ



കേരളത്തിലെ ചുരുങ്ങിയ സ്ഥലപരിമിതിയിൽ ഇടത്തരം ക്ഷീര കർഷകരുടെ എണ്ണം വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. ചെലവേറിയ കൃത്രിമ കാലിത്തീറ്റകളും, മരുന്നും – പരമാവധി കുറച്ച് ഉപയോഗിക്കത്തക്ക വിധം കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുവാൻ ശേഷിയുള്ളതും, സാമാന്യം പാലുൽപ്പാദനക്ഷമതയുള്ളതുമായ നാടൻ ഇനങ്ങളുടെ സംരക്ഷണവും, വ്യാപനവും ഒരു പുതിയ ക്ഷീര സംസ്കാരത്തിന് വഴിയൊരുക്കും. ഇതിന്റെ തുടക്കമെന്ന നിലയിലാണ് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ഗിർ പശുക്കളുടെ വ്യാപനത്തിന് തുടക്കം കുറിച്ചിരിക്കുന്നത്. ഭാവിയിൽ ഇവയുടെ വർഗ്ഗ ഗുണമുള്ള സന്തതി പരമ്പരയെ ഉൽപ്പാദിപ്പിച്ച് നമ്മുടെ നാടിന് അനുയോജ്യമായ ഒരു തനത് കാലി സമ്പത്ത് സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. ഇതിന് എല്ലാ ക്ഷീര കർഷകരുടേയും സഹകരണവും, പങ്കാളിത്തവും പ്രതീക്ഷിച്ചു കൊള്ളുന്നു.

**അനിൽ സേവ്യർ ഐ.എ.എസ്**
**ചെയർമാൻ, കെ.എൽ.ഡി ബോർഡ്**

# ഗിർ പെരുമയിൽ പെരുമാട്ടി

ഉയർന്ന പാലുൽപ്പാദന ശേഷിയുള്ള ഇന്ത്യയിലെ തനതു നാടൻ ഇനമായ ഗിർ പശുക്കൾ പാലക്കാടൻ ഗ്രാമങ്ങളിലേയ്ക്ക് വന്നു തുടങ്ങി. ഗുജറാത്തിലെ സൗരാഷ്ട്ര യോട് ചേർന്ന് കിടക്കുന്ന ഗിർ മലനിരകളിലും പരിസരപ്രദേശത്തും കണ്ടു വരുന്ന ശാന്തസ്വഭാവമുള്ള നാടൻ പശുവിനമാണ് ഗിർ. കേരളത്തിലെ കാലാവസ്ഥയ്ക്ക് യോജിച്ചതും പാലക്കാടൻ ചൂടിനെ അതിജീവിക്കാൻ കെൽപ്പുള്ളതുമായ ഇനമാണ് ഇവ. പാലക്കാട് പെരുമാട്ടി പഞ്ചായത്തിലെ – കാമ്പാലത്തറ ഫാമിൽ ആദ്യഘട്ടമായി 38 പശുക്കൾ എത്തിക്കഴിഞ്ഞു. ഒപ്പം ഒരു കാളയേയും കൊണ്ടു വന്നിട്ടുണ്ട്. പാലക്കാട് ചിറ്റൂർ എം.എൽ.എ ശ്രീ. കെ. കൃഷ്ണൻ കുട്ടിയുടെ പ്രത്യേക താൽപ്പര്യ പ്രകാരം കെ.എൽ.ഡി. ബോർഡാണ് ഈ പദ്ധതിയ്ക്ക് ചുക്കാൻ പിടിക്കുന്നത്. പ്രസ്തുത RKVY പദ്ധതിയുടെ ആദ്യഘട്ടത്തിൽ 100 പശുക്കളെ വാങ്ങി നാടൻ പരിപാലനമുറയിൽ സംരക്ഷിക്കുകയാണ് പദ്ധതി ലക്ഷ്യം. പെരുമാട്ടി അഗ്രോ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കർഷക ക്ലസ്റ്ററുകൾ രൂപീകരിച്ച് പശുക്കളെ ഈ കർഷകർക്ക് നൽകുന്നതാണ്. ഇവയിൽ നിന്നും ലഭിക്കുന്ന A2 പാൽ സൊസൈറ്റി വഴി വിപണനം ചെയ്യുന്നതുമാണ്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ കൂടുതൽ പ്രാദേശിക കർഷകരെ കൂടി അംഗങ്ങളാക്കി കൂടുതൽ പശുക്കളെ വിതരണം ചെയ്യുവാൻ സൊസൈറ്റിക്ക് കഴിയുമെന്ന് പ്രത്യാശിക്കുന്നു. ആദ്യ ബാച്ച് പശുക്കൾ വളരെ വേഗം നമ്മുടെ കാലാവസ്ഥയുമായി താദാത്മ്യം പ്രാപിച്ചതായി കണ്ടെത്തിയിട്ടുണ്ട്.



# പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത – സർക്കാരിന്റെ ലക്ഷ്യം
## – മന്ത്രി. കെ. രാജു



അടുത്ത വർഷത്തോടെ സംസ്ഥാനം പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തമാകുന്നതിനുള്ള തീവ്രപരിശ്രമത്തിലാണെന്ന് ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവികസന – വനം വകുപ്പ് മന്ത്രി അഡ്വ. കെ. രാജു പറഞ്ഞു. ഗാന്ധിജി സ്റ്റഡി സെന്റർ "കർഷകതിലക് 2018" നോടനുബന്ധിച്ച് ജനുവരി 13, 14, 15 തീയതികളിൽ തൊടുപുഴയിൽ നടന്ന കന്നുകാലി പ്രദർശനത്തിലെ സമാപന സമ്മേളനത്തിൽ വിജയികൾക്ക് സമ്മാന വിതരണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്ഷീര കർഷകർക്ക് ലാഭകരമായി തൊഴിൽ ചെയ്ത് ജീവിക്കാൻ കഴിയുന്ന വിധം ഈ മേഖല പൂർണ്ണമായി മാറികൊണ്ടിരിക്കുകയാണെന്ന് മന്ത്രി പറഞ്ഞു. ചുരുങ്ങിയ കാലം കൊണ്ട് പാലുൽപ്പാദനത്തിൽ 18 ശതമാനം വളർച്ച കൈവരിക്കുവാൻ സാധിച്ചത് വലിയ ഒരു മുന്നേറ്റമാണ്. പാലക്കാട്, വയനാട് ജില്ലകൾ പാലുൽപ്പാദനത്തിൽ വൻ മുന്നേറ്റമാണ് നടത്തിയിട്ടുള്ളത്. കന്നുകാലി പ്രദർശനത്തിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ മന്ത്രി വിതരണം ചെയ്തു. ചടങ്ങിൽ ഗാന്ധിജി സ്റ്റഡി സെന്റർ ചെയർമാൻ ശ്രീ. പി. ജെ. ജോസഫ് എം.എൽ.എ. അദ്ധ്യക്ഷനായിരുന്നു. മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ ഡോ. എൻ.എൻ. ശശി, കെ.എൽ.ഡി ബോർഡ് മാനേജിംഗ് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ജോർജ്. ടി. എബ്രഹാം എന്നിവർ സംബന്ധിച്ചു.



മൃഗസംരക്ഷണവകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കു വേണ്ടി കെ.എൽ.ഡി ബോർഡ് ധോണി ഫാമിൽ വച്ച് നടത്തിയ ആടുവളർത്തൽ ട്രെയിനിംഗിന്റെ ഭാഗമായി മുട്ടനാടിൽ നിന്നും കൃത്രിമ ബീജശേഖരണ പരിപാടിയുടെ പ്രായോഗി പരിശീലന പരിപാടി പഠിതാക്കൾക്ക് കാണിച്ചു കൊടുക്കുന്നു.



## പടവുകൾ

## കെ. എൽ. ഡി. ബോർഡ് മാട്ടുപ്പെട്ടി ട്രെയിനിംഗ് സെന്ററിൽ 2018 മാർച്ചിൽ നടത്തുന്ന പരിശീലന പരിപാടികൾ

| | വിഷയം | പരിശീലനകാലം |
|---|---|---|
| ① | ക്വാളിറ്റി കൺട്രോൾ ഓഫീസർമാർക്കു വേണ്ടി - ആധുനിക ക്രയോപ്രിസർവേഷൻ സാങ്കേതിക വിദ്യകൾ | 14.03.2018 മുതൽ 31.03.2018 വരെ |
| ② | ഉഷ്ണപ്രദേശങ്ങളിലെ കന്നുകാലികളുടെ ഫീൽഡ് ലെവൽ റെക്കോർഡിങ്ങും - പിതൃഗുണ വിശകലനവും | 06.03.2018 മുതൽ 14.03.2018 വരെ (8 ദിവസം) |
| ③ | ടെക്നീഷ്യന്മാർക്കു വേണ്ടിയിട്ടുള്ള ലബോറട്ടറി ടെക്നിക്കുകൾ | 12.03.2018 മുതൽ 17.03.2018 വരെ (5 ദിവസം) |

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 04865 - 242201, 9446004283

# ആദരാഞ്ജലികൾ

## ഡോ. വാൾട്ടർ ദിനാർ



ഇൻഡോസ്വിസ്സ് പ്രോജക്ടിന്റെ കന്നുകാലി പ്രജനന പരിപാടിയിൽ 1978-81 കാലഘട്ടങ്ങളിൽ സജീവ സാന്നിദ്ധ്യമായിരുന്ന **ഡോ. വാൾട്ടർ ദിനാർ 27.02.2018 സ്വിറ്റ്സർലന്റിൽ അന്തരിച്ചു.**

കന്നുകാലി പ്രജനന വിദഗ്ദ്ധനായിരുന്ന ഡോ. വാൾട്ടർ ദിനാർ സ്വിറ്റ്സർലന്റിൽ നിന്നും തന്റെ 35-ാമത്തെ വയസ്സിൽ കേരളത്തിലെ ക്ഷീര മേഖലയുടെ പുനരുദ്ധാരണത്തിൽ പങ്കാളിയാവുകയായിരുന്നു. കേരളത്തിന്റെ തനത് സങ്കരയിനമായ സുനന്ദിനിയുടെ പിറവിയിലും, വർഗ്ഗോദ്ധാരണത്തിലും നിർണ്ണായക പങ്കു വഹിച്ച ഡോ. വാൾട്ടർ ദിനാറിന്റെ സേവനങ്ങൾ, കെ. എൽ.ഡി ബോർഡിന്റെ പ്രജനന ഗവേഷണ പദ്ധതികൾക്ക് മുതൽകൂട്ടായിരുന്നു. **ഭാര്യ ശ്രീമതി. റൂത്ത് ദിനാർ, മക്കൾ ശ്രീ. ലൂക്കസ് ദിനാർ, ശ്രീ.സാമി ദിനാർ, മരുമകൾ ശ്രീമതി. റെജിന ലൂക്കസ്.** സംസ്കാരം സ്വിറ്റ്സ്സർലന്റിലെ തൂൺസ്റ്റെറ്റൻ കത്തോലിക്ക പള്ളിയിൽ 28.02.2018 ൽ നടന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നതോടൊപ്പം, കുടുംബാംഗങ്ങളുടെ ദുഖത്തിലും കെ.എൽ.ഡി ബോർഡ് പങ്കു ചേരുന്നു.



## NATIONAL LIVESTOCK EXPO

**NOVEMBER 10 - 13, 2017**

**ASRAMAM GROUNDS, KOLLAM**

കൊല്ലം ആശ്രാമം മൈതാനത്ത് വച്ച് നടന്ന ദേശീയ കന്നുകാലി - പക്ഷി പ്രദർശനത്തിൽ ഏറ്റവും നല്ല പൊതുമേഖലാ സ്റ്റാളിന് ലഭിച്ച അവാർഡ് കെ.എൽ.ഡി ബോർഡ് മാനേജിംഗ് ഡയറക്ടർ ഡോ. ജോസ് ജെയിംസ് ബഹുമാനപ്പെട്ട കൊല്ലം മേയർ ശ്രീ. വി. രാജേന്ദ്ര ബാബുവിൽ നിന്നും ഏറ്റു വാങ്ങുന്നു.

Edited & Published by: The Managing Director, Kerala Livestock Development Board Ltd. Gokulam, Pattom P.O., Thiruvananthapuram-695 004
e-mail: kldboard8@gmail.com | Website: www.livestock.kerala.gov.in